**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1450** | 03-12-2018 -ൽ മറുപടിക്ക്

**ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയക്കെടുതി റിപ്പോർട്ട് ചെയ്യതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ), ബി), സി), & ഡി) | പ്രളയക്കെടുതി റിപ്പോർട്ട് ചെയ്യതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് തുക അനുവദിക്കുവാൻ സാധിക്കുകയില്ല. |
| ബി) | പ്രസ്തുത തുക ഏതൊക്കെ ദൃശ്യ അച്ചടി മാധ്യമങ്ങൾക്കാണ് നൽകിയിട്ടുള്ളത്; ഇനംതിരിച്ച് വിശദമാക്കുമോ; | | |
| സി) | ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് തുക കൊടുക്കുവാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | | |
| ഡി) | എന്തുകൊണ്ടാണ് എല്ലാ ദൃശ്യ -അച്ചടി മാധ്യമങ്ങളെയും ഫണ്ട് നൽകുന്ന ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ